"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. എസ്.പ്രവീൺരാജിന്റെ അന്യത്ര സേവനകാലാവധി ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഎം) വകുപ്പ്**

സ.ഉ.(സാധാ) നം.699/2020/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം, 20/03/2020

---

പരാമർശം:- 1 സ.ഉ.(സാധാ.)1649/2018/തസ്വഭവ തീയതി 18/06/2018.

2 നഗരകാര്യ ഡയറക്ടറുടെ 25/06/2019-ലെ ഇ9/10349/19 -നം. കത്ത്.

3 സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ 01/07/2019-ലെ SEC/15/2018-A1 നമ്പർ കത്ത്

### ഉത്തരവ്

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ച് വരുന്ന ചെങ്ങന്നൂർ നഗരസഭയിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. എസ്.പ്രവീൺരാജിന്റെ അന്യത്ര സേവനകാലാവധി 9/07/2019-ൽ അവസാനിക്കുന്നതിനാൽ 10/07/2019 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി പരാമർശം (3) പ്രകാരം ആവശ്യപ്പെട്ടിരുന്നു. ശ്രീ. എസ്.പ്രവീൺരാജിന്റെ അന്യത്ര സേവനകാലാവധി 10/07/2019 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകുന്നതിന് ആക്ഷേപമില്ലെന്ന് നഗരകാര്യ വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം അറിയിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ച് വരുന്ന ചെങ്ങന്നൂർ നഗരസഭയിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ. എസ്.പ്രവീൺരാജിന്റെ അന്യത്ര സേവനകാലാവധി നിലവിലെ വ്യവസ്ഥകൾക്ക് വിധേയമായി 10/07/2019 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബീനമോൾ കെ ജെ**
**ഡെപ്യൂട്ടിസെക്രട്ടറി**

സെക്രട്ടറി, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.

നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

ശ്രീ. എസ്.പ്രവീൺരാജ്, ഓഫീസ് അറ്റൻഡന്റ്, സംസ്ഥാന തെരഞ്ഞെടുപ്പ്

കമ്മീഷൻ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

(തദ്ദേശ സ്വയം ഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് (വെബ്& ന്യൂ മീഡിയ)വകുപ്പ്.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ